"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനകാര്യം - പാലക്കാട് ജില്ല- കരിമ്പ ഗ്രാമപഞ്ചായത്ത് ഓഫീസ് - മുൻ ഹെഡ്ക്ലാർക്ക്/സീനിയർ എക്സ്റ്റൻഷൻ ഓഫീസർ - ശ്രീമതി റീന മത്തായി-ക്ക് സ്പെഷ്യൽ ഡിസബിലിറ്റി ലീവ് അനുവദിച്ച് ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.936/2026/LSGD തീയതി,തിരുവനന്തപുരം, 29-04-2026

---

പരാമർശം:- 1. ശ്രീമതി.റീന മത്തായി സമർപ്പിച്ച 03.12.2025ലെ അവധി അപേക്ഷ

2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 01.01.2026ലെ LSGD/PD/25966/2025-DEB4 നമ്പർ കത്ത്

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ കരിമ്പ ഗ്രാമപഞ്ചായത്ത് ഓഫീസിലെ മുൻ ഹെഡ്ക്ലാർക്ക്/സീനിയർ എക്സ്റ്റൻഷൻ ഓഫീസർ ശ്രീമതി റീന മത്തായി-ക്ക് 18.07.2025 മുതൽ 14.11.2025 വരെ സ്പെഷ്യൽ ഡിസബിലിറ്റി ലീവ് അനുവദിക്കുന്നതിന് പരാമർശം (1) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (2) പ്രകാരം തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ശിപാർശ ചെയ്ത് ലഭ്യമാക്കിയിട്ടുണ്ട്.

2.ശ്രീമതി റീന മത്തായി 18/07/2025 തീയതിയിൽ ജോലിക്കായി ഓഫീസിലേക്ക് വരുന്ന വഴി കാൽ വഴുതി വീണ് ഇടതു കാലിന് പരിക്കേറ്റത് മൂലം വിശ്രമത്തിലായിരുന്ന കാലയളവിലേക്കാണ് സ്പെഷ്യൽ ഡിസ്എബിലിറ്റി ലീവിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 18.07.2025 മുതൽ 14.11.2025വരെ 120 ദിവസത്തേക്കാണ് സ്പെഷ്യൽ ഡിസബിലിറ്റി ലീവ് അനുവദിക്കുന്നതിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളത് . എന്നാൽ കെ.എസ്.ആർ ഭാഗം-1, ചട്ടം 98 പ്രകാരമുള്ള പ്രത്യേക അവശതാവധി കെ.എസ്.ആർ ഭാഗം-1, ചട്ടം 98 (3) പ്രകാരം പരമാവധി 119 ദിവസത്തേയ്ക്ക് മാത്രമേ അനുവദനീയമായിട്ടുള്ളൂ. ഈ സാഹചര്യത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ പരാമർശം (2) പ്രകാരമുള്ള ശിപാർശ പരിഗണിച്ച് പാലക്കാട് ജില്ലയിലെ കരിമ്പ ഗ്രാമപഞ്ചായത്ത് ഓഫീസിലെ മുൻ ഹെഡ്ക്ലാർക്ക്/സീനിയർ എക്സ്റ്റൻഷൻ ഓഫീസർ ശ്രീമതി റീന മത്തായി-ക്ക് 18.07.2025 മുതൽ 13.11.2025 വരെ കെ എസ് ആർ ഭാഗം 1 ചട്ടം 98 പ്രകാരം സ്പെഷ്യൽ ഡിസ്എബിലിറ്റി ലീവ് അനുവദിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പദ്മിനി കെ എസ്
ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്,തിരുവനന്തപുരം

2.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള.തിരുവനന്തപുരം/തൃശ്ശൂർ

3.ജോയിന്റ് ഡയറക്ടർ,തദ്ദേശസ്വയംഭരണവകുപ്പ് , പാലക്കാട് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

4.സെക്രട്ടറി,കരിമ്പ ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

5.ശ്രീമതി.റീന മത്തായി , മുൻ ഹെഡ്ക്ലാർക്ക്/സീനിയർ എക്സ്റ്റൻഷൻ ഓഫീസർ , കരിമ്പ ഗ്രാമപഞ്ചായത്ത് ഓഫീസ് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

6.ഡയറക്ടർ . ഐ കെ എം

7.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)

8.കരുതൽ ഫയൽ (ഫയൽ നം.1/ഇപിഎ1/2026-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം

Signed by
Danuja M S
Date: 29-04-2026 13:09:03

സെക്ഷൻ ഓഫീസർ